# പതിനാലാം കേരള നിയമസഭ
## ഏഴാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ - 3376 22.08.2017-ൽ മറുപടിയ്ക്ക്

## പ്രവാസികളുടെ മൃതദേഹങ്ങൾ നാട്ടിൽ എത്തിക്കുന്നതിനുള്ള നടപടി ക്രമങ്ങൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. അബ്ദുൾ ഹമീദ് പി. | ശ്രീ.പിണറായി വിജയൻ<br>(മുഖ്യമന്ത്രി) |
| (എ) പ്രവാസികളുടെ മൃതദേഹങ്ങൾ നാട്ടിൽ എത്തിക്കുന്നതിനുള്ള നടപടി ക്രമങ്ങൾ എന്തൊക്കെയാണ് ; വ്യക്തമാക്കുമോ; | (എ) പ്രവാസികളുടെ മൃതദേഹം നാട്ടിലെത്തിക്കുന്നതിനുള്ള പൂർണ്ണ ചുമതല സ്പോൺസറിൽ നിക്ഷിപ്തമാണ്. സ്പോൺസർ, ഇന്ത്യൻ എംബസ്സി, വിദേശ രാജ്യത്തെ വിവിധ ഗവൺമെന്റ് വകുപ്പുകൾ എന്നിവയുമായി ബന്ധപ്പെട്ട് ഇതിനായുള്ള രേഖകൾ തയ്യാറാക്കി, മൃതദേഹം കൊണ്ടുവരുന്നതിനുള്ള ചെലവ് വഹിച്ചാണ് നാട്ടിലേക്ക് അയയ്ക്കേണ്ടത്. ഇതിനാവശ്യമായ എല്ലാ സഹായവും വിവിധ രാജ്യങ്ങളിൽ പ്രവർത്തിക്കുന്ന ഇന്ത്യൻ എംബസ്സികൾ നല്കി വരുന്നുണ്ട്. |
| (ബി) ഇത് സംബന്ധിച്ച് കേന്ദ്ര സർക്കാരോ സംസ്ഥാന സർക്കാരോ ചട്ടങ്ങൾ രൂപീകരിച്ചിട്ടുണ്ടോ ; ഉണ്ടെങ്കിൽ പകർപ്പ് ലഭ്യമാക്കുമോ; | (ബി) ഇത് സംബന്ധിച്ച് സംസ്ഥാന സർക്കാർ പ്രത്യേകമായി ചട്ടങ്ങൾ രൂപീകരിച്ചിട്ടില്ല. വിദേശ രാജ്യങ്ങളിൽ വച്ച് മരണപ്പെടുന്ന ഇന്ത്യക്കാരുടെ മൃതദേഹം കൊണ്ടുവരുന്നതിനു, കേന്ദ്ര സർക്കാർ നിഷ്കർഷിക്കുന്ന നടപടിക്രമങ്ങൾ (കേന്ദ്ര വിദേശ കാര്യ മന്ത്രാലയത്തിന്റെ ഔദ്യോഗിക വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചത്) അനുബന്ധമായി ചേർത്തിരിക്കുന്നു. |
| (സി) മൃതദേഹങ്ങൾ നാട്ടിലെത്തിക്കുന്നതിന് സംസ്ഥാന സർക്കാർ ചെയ്യുന്ന സഹായങ്ങൾ എന്തൊക്കെയെന്ന് വ്യക്തമാക്കുമോ? | (സി) വിദേശ രാജ്യങ്ങളിൽ വച്ച് മരണപ്പെടുന്ന മലയാളികളുടെ മൃതദേഹങ്ങൾ നാട്ടിലെത്തിക്കുന്നതിനുള്ള അപേക്ഷ കുടുംബാംഗങ്ങളിൽ നിന്നോ മലയാളി സംഘടനകളിൽ നിന്നോ വ്യക്തികളിൽ നിന്നോ പ്രവാസികാര്യ വകുപ്പിൽ ലഭിച്ചാലുടനെ, പ്രസ്തുത വിഷയം അതാത് ഇന്ത്യൻ എംബസികളുടെ ശ്രദ്ധയിൽ കൊണ്ടുവരികയും |

(മറുപുറം)

മൃതദേഹവും മറ്റ് അനുബന്ധ വസ്തുക്കളും/രേഖകളും അടിയന്തിരമായി നാട്ടിലെത്തിക്കുന്നതിന് ഇന്ത്യൻ എംബസിയുടെ സഹായത്തോടെ നടപടി സ്വീകരിച്ചുവരുകയും ചെയ്യുന്നുണ്ട്. മരണപ്പെട്ട പ്രവാസികളുടെ കുടുംബാംഗങ്ങളുമായി നേരിട്ട് ബന്ധപ്പെട്ടാണ് ഇന്ത്യൻ എംബസികൾ മൃതദേഹം നാട്ടിലെത്തിക്കുന്നത്.

ECR[Emigration Clearance Required] രാജ്യങ്ങളിൽ മരണമടയുന്ന ഇന്ത്യാക്കാരുടെ മൃതദേഹം നാട്ടിലെത്തിക്കുന്നതിനായി കേന്ദ്ര വിദേശകാര്യ മന്ത്രാലയത്തിന്റെ **www.moia.gov.in** എന്ന വെബ്സൈറ്റിൽ ഒരു സോഫ്റ്റ് വെയർ മോഡ്യൂൾ 12/08/2014 മുതൽ ലഭ്യമാണ്. പ്രവാസികളുടെ മൃതദേഹം നാട്ടിലെത്തിക്കുന്നതിനുള്ള ചെലവ് സ്പോൺസറോ, എംബസിയോ വഹിക്കാത്ത സാഹചര്യങ്ങളിൽ നിബന്ധനകൾക്ക് വിധേയമായി പരമാവധി 50,000/- രൂപ വരെ ധനസഹായം അനുവദിക്കുന്നതിന് 'കാരുണ്യം' എന്ന സംസ്ഥാന സർക്കാർ പദ്ധതി നിലവിലുണ്ട്.

**സെക്ഷൻ ഓഫീസർ**

Ministry of External Affairs
Government of India



# Transfer of Mortal Remains

For the purpose of bringing back the mortal remains of an Indian national, registration of death at the concerned Indian Mission/Post is necessary, for which normally the following documents are required:

- Medical report / death certificate issued from a hospital
- Copy of detailed police report (with English translation, if report is in some other language), in case of accidental or unnatural death
- Consent letter from next of kin of the deceased for local cremation / burial / transportation of mortal remains, duly attested by a notary
- Copy of passport and visa pages

In addition to the above, other documents such as clearance and arrangements for embalming of mortal remains, clearance from local immigration/customs department, etc. are required. These procedures may differ from country to country.

While there is no undue delay in cases of natural deaths, the time taken in transporting the mortal remains to India is longer in the case of unnatural deaths, because of local procedures involved in those countries for investigating the cause of death.

Our Missions/Posts remain in constant touch with the next of kin of the deceased Indian national to facilitate the transportation or local burial of the mortal remains in accordance with the wishes of the family of the deceased. They also liaise with the concerned foreign officials to expedite procedures for the repatriation of mortal remains to India.

In case no friend or relative is available to take care of the transport of mortal remains, you may authorize the Indian Embassy/ Consulate to make arrangements for transport of the mortal remains.